
വിശ്വസിച്ചിട്ടു
പരിശുദ്ധാത്മാവിനെ
പ്രാപിച്ചുവോ?

## ആമുഖം

ദൈവം നമ്മോടു കരുണ കാണിച്ചതുകൊണ്ടാണ് പരിശുദ്ധാത്മാവെന്ന ദൈവീകദാനം നമുക്കു ലഭിച്ചത്. "ഒരിക്കൽ ഒരു അമ്മ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ട തന്റെ മകനുവേണ്ടി 'നെപ്പോളിയൻ ബോണപ്പാർട്ടിന്റെ' അടുക്കലെത്തി അവനോടു കരുണ ചെയ്യണമെന്ന് അപേക്ഷിച്ചു. എന്നാൽ അവൻ രണ്ടാം പ്രാവശ്യമാണ് ഒരേ കുറ്റത്തിന് വിചാരണ നേരിടുന്നത്; അതിനാൽ ന്യായമായും അവൻ മരണശിക്ഷയ്ക്ക് യോഗ്യനാണെന്ന് നെപ്പോളിയൻ പ്രതിവചിച്ചു. എന്നാൽ ആ അമ്മ ചക്രവർത്തിയോട് ഇപ്രകാരം പറഞ്ഞു: 'ഞാൻ നീതിക്കോ ന്യായത്തിനോ വേണ്ടിയല്ല അങ്ങയോട് അപേക്ഷിക്കുന്നത്; കരുണയ്ക്കു വേണ്ടിയാണ്.' 'പക്ഷെ അവൻ കരുണ അർഹിക്കുന്നില്ല' എന്നു ചക്രവർത്തി വ്യക്തമാക്കി. ഉടനെ ആ അമ്മ ചക്രവർത്തിയോടു പറഞ്ഞു: 'അർഹിക്കുന്നതു നല്കുന്നത് കരുണയല്ലല്ലോ; ഞാൻ അപേക്ഷിക്കുന്നത് കരുണയ്ക്കു വേണ്ടിയാണ്.' അതുകേട്ട ചക്രവർത്തി പറഞ്ഞു: 'എങ്കിൽ അവനു കരുണ ലഭിച്ചിരിക്കുന്നു.' അങ്ങനെ കരുണ ലഭിച്ച യുവാവ് മരണത്തിൽനിന്ന് രക്ഷപെട്ടു." അർഹിക്കാത്ത സ്ഥാനത്ത് ലഭിക്കുന്ന ഭിക്ഷയാണ് 'കരുണ'യെന്ന് മേല്പറഞ്ഞ സംഭവം വ്യക്തമാക്കുന്നു. മനുഷ്യരെല്ലാം പാപത്തിനും ശാപത്തിനും വിധേയരായി മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ടവരായിരുന്നു. നമ്മുടെ അവകാശം നിത്യനരകമായിരുന്നു. എന്നാൽ അതു നൽകാതെ; ദൈവം തന്റെ കൃപയാൽ ദാനമായി നല്കിയ പരിശുദ്ധാത്മാവിനാലാണ് ഓരോരുത്തരുടേയും നരകം നീങ്ങിയതും നിത്യജീവൻ കൈവന്നതും. ദൈവമക്കളുടെ ഉള്ളിൽ പരിശുദ്ധാത്മാവെന്ന ദൈവീക ആളത്തം വാസം ചെയ്യുന്നു എന്ന തിച്ചറിവാണ് ഓരോരു

ത്തരുടെയും വിശുദ്ധജീവിതത്തിനും വിശ്വാസജീവിത ത്തിനും ആധാരം. ദൈവാത്മാവിനാൽ നിറഞ്ഞ ഒരു ക്രി സ്തീയജീവിതം നയിക്കാൻ ദൈവമായ കർത്താവ് എ ല്ലാവരെയും സഹായിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്;

ക്രിസ്തേശുവിന്റെ ബദ്ധൻ

# വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?

ക്രിസ്തീയസഭകളിൽ ഏറെ വിവാദങ്ങൾക്ക് വഴിവെക്കുകയും, ഇന്നത്തെ ചില വേർപെട്ട കൂട്ടങ്ങൾക്ക് ഇടർച്ചയുണ്ടാക്കിയതുമായ ഒരു ചോദ്യമാണ് പൌലൊസ് അപ്പൊസ്തലൻ എഫെസൊസുകാരോടു ചോദിക്കുന്നത്. 'നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?' (അപ്പൊ, 19:2). ഈ ചോദ്യവും എഫെസൊസിലെ ശിഷ്യന്മാരുടെ പ്രതീകരണവും അതിന്റെ പ്രതിപ്രതീകരണവും പ്രതിഫലനങ്ങളും അവിടംകൊണ്ട് തീരേണ്ടതാണെങ്കിലും, ആയിരത്തി തൊള്ളായിരം വർഷങ്ങൾക്കിപ്പുറവും ഹവ്വായെ വഞ്ചിച്ച സാത്താന്റെ കൌശലത്തോടെ ഇപ്പോഴും ഈ ചോദ്യം പലരും ചോദിച്ചുകൊണ്ടേയിരിക്കുന്നു! അക്ഷരീകാർത്ഥത്തിലാണ് അപ്പൊസ്തലൻ ഈ ചോദ്യം ചോദിച്ചതെങ്കിൽ അഥവാ വിശ്വസിച്ചതിനുശേഷം വിലകൊടുത്തു മേടിക്കുകയോ യഗ്നിച്ചു സമ്പാദിക്കകയോ ചെയ്യേണ്ട ഒന്നാണ് പരിശുദ്ധാത്മാവെങ്കിൽ, പൌലൊസ് ക്രിസ്തുവിന് എതിരാളിയെന്നേ വരൂ. ക്രിസ്തു പറയുന്നു; "എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ (പരിശുദ്ധാത്മാവ്) ഒഴുകും." (യോഹ, 7:38). പരിശുദ്ധാത്മാവെന്ന ദൈവീക ആളത്വം വ്യക്തിയിൽ വാസംചെയ്യാൻ വിശ്വാസമെന്ന കൃപ മാത്രംമതി. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ, മലയാളത്തിൽ തർജ്ജമ ചെയ്തിരിക്കുന്ന 'പ്രാപിക്കുക' എന്ന പ്രവർത്തിയുമായി 'വിശ്വാസം' എന്ന കൃപയ്ക്ക് യാതൊരു ബന്ധവുമില്ല. ദൈവം നമ്മോടു കരുണ കാണിച്ചതുകൊണ്ടാണ് പരിശുദ്ധാത്മാവെന്ന ദൈവീകദാനം നമുക്കു ലഭിച്ചത്. ദൈ

വം ഭിക്ഷയായി നൽകിയതിനെ മേടിച്ചോ, പിടിച്ചോ, പ്രാപിച്ചോ, ലഭിച്ചോ എന്നൊക്കെ ചോദിച്ചാൽ ദൈവത്തിന്റെ കരുണ എവിടെ? ആരുടെയും യോഗ്യത നോക്കിയിട്ടില്ല ദൈവം പരിശുദ്ധാത്മാവിനെ നല്കുന്നത്; അത് ദൈവത്തിന്റെ കൃപയാണ്. (എഫെ, 2:8). പിന്നെയും ആരെങ്കിലും ആത്മാവിനെ പ്രാപിച്ചിട്ടുണ്ടെങ്കിൽ, ആ ആത്മാവ് ഏതെന്ന് ശോധന ചെയ്യുന്നത് നന്നായിരിക്കും. 'ലാംബാനൊ' എന്ന ഗ്രീക്കുപദം 270 പ്രാവശ്യമുണ്ട്. അതിനെയാണ് ഇംഗ്ലീഷിൽ Receive എന്നു തർജ്ജമ ചെയ്തിരിക്കുന്നത്. ഈ രണ്ടു പദത്തിനും യഗ്നിച്ചു സമ്പാദിക്കുക എന്നർത്ഥമില്ല. 'ലാംബാനൊ' എന്ന പദത്തിനു ദൈവം നിങ്ങൾക്ക് പരിശുദ്ധാത്മാവിനെ 'തന്നുവോ' എന്നാണ് അർത്ഥം കല്പിക്കുന്നതെങ്കിൽ, ആ ചോദ്യശരം ദൈവത്തിന്റെ വാഗ്ദത്തത്തിനു നേർക്കായിരിക്കും. 'പ്രാപിച്ചുവോ' എന്നാണെങ്കിൽ കൃപയുടെ നേർക്കായിരിക്കും. 'ലഭിച്ചുവോ' എന്നാണെങ്കിൽ വിശ്വസ്തതയുടെ നേർക്കായിരിക്കും. 'സ്വീകരിച്ചുവോ' എന്നാണെങ്കിൽ നീതിയുടെ നേർക്കായിരിക്കും. അങ്ങനെയെങ്കിൽ എന്തായിരിക്കും പൌലൊസിന്റെ ചോദ്യത്തിന്റെ ശരിയായ അർത്ഥം? 'നിങ്ങൾ വിശ്വസിച്ചിട്ട് പരിശുദ്ധാത്മാവിനെ അനുഭവിച്ചുവോ? അഥവാ നിങ്ങളുടെ സഹായകനായി എന്നേക്കും കൂടെയിരിക്കേണ്ടതിന് ദൈവം നിങ്ങൾക്ക് ദാനമായിത്തന്ന പരിശുദ്ധാത്മാവിനെക്കുറിച്ചു നിങ്ങൾ അറിഞ്ഞുവോ? അറിയുന്നതെന്തിനാണ്? അറിഞ്ഞാലെ അനുസരിക്കുവാനും വിധേയപ്പെടുത്തിക്കൊടുക്കുവാനും കഴിയുകയുള്ളു. സകല സത്യത്തിലും വഴിനടത്തുന്ന (യോഹ, 16:13) സ്വർഗ്ഗീയ ദൈവമായ പരിശുദ്ധാത്മാവ് വ്യക്തിയുടെ ഉള്ളിൽ വാസം ചെയ്യുന്നുണ്ടെന്ന തിരിച്ചറിവാണ് വിശുദ്ധജീവിതത്തിനാധാരം.

## ചരിത്രപശ്ചാത്തലം

അപ്പൊസ്തലന്റെ ചോദ്യത്തിന്റെ ഉദ്ദേശ്യം മനസ്സിലാക്കിയതുപോലെ അതു ചോദിക്കുവാനുണ്ടായ സാഹചര്യം മനസ്സിലാക്കുന്നതും പ്രധാനമാണ്. അതറിയണമെങ്കിൽ മുമ്പിലത്തെ അദ്ധ്യായം പരിശോധിക്കണം. പൌലൊസ് ഗലാത്യദേശത്തിലും ഫ്രുഗ്യയിലും സഞ്ചരിച്ചു ശിഷ്യന്മാരെ ഒക്കെയും ഉറപ്പിച്ചുകൊണ്ടിരിക്കുമ്പോൾ (അപ്പൊ, 18:23), "അലക്സാന്ത്രിയക്കാരനായി വാഗ്വൈഭവവും തിരുവെഴുത്തുകളിൽ സാമർത്ഥ്യവുമുള്ള അപ്പൊല്ലോസ് എന്നു പേരുള്ളോരു യെഹൂദൻ എഫെസോസിൽ എത്തി. അവൻ കർത്താവിന്റെ മാർഗ്ഗത്തിൽ ഉപദേശം ലഭിച്ചവൻ ആയിരുന്നു; യോഹന്നാന്റെ സ്നാനത്തെക്കുറിച്ചു മാത്രം അറിഞ്ഞിരുന്നു എങ്കിലും ആത്മാവിൽ എരിവുള്ളവനാകയാൽ അവൻ യേശുവിന്റെ വസ്തുത സൂക്ഷ്മമായി പ്രസ്താവിക്കയും ഉപദേശിക്കയും ചെയ്തു." (അപ്പൊ, 18:24-25). ഈ അപ്പൊല്ലോസാണ് എഫെസൊസിലെ ശിഷ്യന്മാരോട് സുവിശേഷം അറിയിച്ചതും അവരെ സ്നാനപ്പെടുത്തിയതും. ഇവിടെ ചില ചോദ്യങ്ങൾ സ്വാഭാവികമായും ഉണ്ടാകാം. 1) ക്രിസ്തീയസ്നാനം സ്വീകരിക്കാത്തവനും, സ്നാനത്തെക്കുറിച്ച് ഉപദേശം ലഭിച്ചിട്ടില്ലാത്തവനുമായ അപ്പൊല്ലോസിനു സുവിശേഷം അറിയിക്കാൻ പാടുണ്ടോ? 2) സ്നാനമെന്ന ഉപദേശം കൂടാതെ അഥവാ കർമ്മംകൂടാതെ രക്ഷപ്രാപിപ്പാൻ കഴിയില്ലേ? 3) സ്നാനപ്പെടാതെ പരിശുദ്ധാത്മാവിനെ ലഭിക്കില്ല? തുടങ്ങിയവ. ഒന്നു; ദൈവാത്മാവിനെക്കൂടാതെ ആരും വീണ്ടും ജനിക്കുന്നില്ല. പരിശുദ്ധാത്മാവിലല്ലാതെ സുവിശേഷം അറിയിക്കുവാനും സുവിശേഷത്തിൽ വിശ്വസിക്കുവാനും ആർക്കും കഴിയില്ല. തന്മൂലം വീണ്ടും ജനിച്ച ആർക്കും സുവിശേഷം അറിയിക്കാം. അപ്പൊ

ല്ലോസിനെ സംബന്ധിച്ച് ക്രിസ്തീയ സ്നാനത്തെക്കുറിച്ചു അറിവില്ലെങ്കിലും, ആത്മാവിൽ എരിവുള്ളവനെന്ന് പറഞ്ഞിരിക്കുന്നതിനാൽ വീണ്ടുംജനിച്ചവനാണെന്ന് നിസംശയം പറയാം. രണ്ട്; ക്രിസ്തീയ സഭയ്ക്കു നൽകിയിരിക്കുന്ന രണ്ടു അനുഷ്ഠാനങ്ങളിൽ ഒരിക്കലായും ഒന്നാമതായുമുള്ളതാണ് സ്നാനം. മറ്റൊന്ന് കർത്തൃമേശയാണ്. അത് നിരന്തരം അനുഷ്ഠിക്കണം. സ്നാനമെന്ന കർമ്മം കൂടാതെ രക്ഷ അസാദ്ധ്യമാണെന്ന് ബൈബിൾ ഒരിടത്തും പറയുന്നില്ല. മാത്രമല്ല സ്നാനമെന്ന കർമ്മം കൂടാതെ രക്ഷപ്രാപിക്കാൻ കഴിയില്ലെന്നുവന്നാൽ, രക്ഷ കൃപയാൽ മാത്രമല്ല; പ്രവൃത്തിയും ആവശ്യമാണെന്നുവരും. മാത്രമല്ല സ്നാനം കൂടാതെ രക്ഷപ്രാപിച്ച സംഭവവും ബൈബിളിലുണ്ട്. ക്രൂശിലെ കള്ളൻ അതിനുദാഹരണമാണ്. പൌലൊസ് പറയുന്നു; 'സ്നാനം കഴിപ്പിപ്പാൻ അല്ല സുവിശേഷം അറിയിപ്പാനത്രെ ക്രിസ്തു എന്നെ അയച്ചതു;' (1കൊരി, 1:17). മർക്കൊസ് 16:16 ഉദ്ധരിച്ചുകൊണ്ട് പലരും വിശ്വാസത്തോടൊപ്പം  സ്നാനവും അഥവാ കൃപയോടൊപ്പം പ്രവൃത്തിയും വേണമെന്ന് പഠിപ്പിക്കുന്നുണ്ട്. "വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും." ഈ വാക്യത്തിൽത്തന്നേ അതിന്റെ ഉത്തരമുണ്ട്. ശിക്ഷാവിധി വരുന്നത് സ്നാനപ്പെടാത്തവനല്ല; വിശ്വസിക്കാത്തവനാണ്. കൃപയ്ക്ക് പ്രവൃത്തിയുമായി യാതൊരു ബന്ധവുമില്ലെന്നു ബൈബിൾ പഠിപ്പിക്കുന്നു. (റോമ, 11:6). അർത്ഥാൽ രക്ഷിക്കപ്പെടുവാനായി ഒരു വ്യക്തി അനുഷ്ഠിക്കേണ്ട കർമ്മമല്ല സ്നാനം. രക്ഷാനന്തരം ക്രിസ്ത്യനി അനുഷ്ഠിക്കണ്ടതാണ്. മൂന്ന്; സ്നാനത്തിന് മുൻപും സ്നാനാനന്തരവും പരിശുദ്ധാത്മാവ് ലഭിച്ചതായി ബൈബിളിൽ രേഖയുണ്ട്. എങ്കിലും എഫെസൊസിലെ ശിഷ്യന്മാർ അപ്പൊല്ലോസിൽനിന്നു യേശു

വിനെക്കുറിച്ചു സുവിശേഷം കേൾക്കുകയും യോഹന്നാന്റെ സ്നാനമേല്ക്കുകയും ചെയ്തിട്ടും എന്തുകൊണ്ട് പരിശുദ്ധാത്മാവ് ലഭിച്ചില്ലെന്നുള്ളത് ചിന്തനീയമാണ്. അതിനൊറ്റ ഉത്തരമേയുള്ളു; അവരുടെ വീണ്ടുംജനനം നടന്നിട്ടില്ലായിരുന്നു. (യോഹ, 3:6). സുവിശേഷം കൈക്കൊണ്ടിട്ടും ഇവരുടെ വീണ്ടുംജനനത്തിനു താമസം നേരിട്ടതിന്റെ ഉത്തരമാണ് അന്വേഷിക്കേണ്ടത്. രണ്ടാദ്ധ്യായത്തിൽ യെഹൂദനോടുള്ള ബന്ധത്തിലും, എട്ടാമദ്ധ്യായത്തിൽ ശമര്യനോടുള്ള ബന്ധത്തിലും, പത്താമദ്ധ്യായത്തിൽ ജാതികളോടുള്ള ബന്ധത്തിലും ദൈവത്തിനു പ്രത്യേക ഉദ്ദേശ്യം ഉണ്ടായിരുന്നതുപോലെ, യോഹന്നാന്റെ സ്നാനമേറ്റവരോടും ദൈവോദ്ദേശ്യം നിറവേറ്റേണ്ടത് ആവശ്യമാണ്. ക്രിസ്തുവിന് മുന്നോടിയായി വന്ന യോഹന്നാൻ അനേകരെ മാനസാന്തരസ്നാനം കഴിപ്പിച്ചയാളാണ്. യേശുക്രിസ്തുവിനെയും യോഹന്നാൻ സ്നാനം കഴിപ്പിച്ചു. ഇനി യേശു തന്നെയാണ് മശീഹായെന്ന് യോഹന്നാന്റെ സ്നാനമേറ്റവർക്ക് ബോധ്യപ്പെട്ടാലും, അവർ മറ്റൊരു സ്നാനത്തെക്കുറിച്ച് ചിന്തിക്കില്ല. കാരണം മശിഹായെ ആരോണോ സ്നാനപ്പെടുത്തിയത് അയാളിൽനിന്നുള്ള സ്നാനമാണ് തങ്ങൾ ഏറ്റിരിക്കുന്നത് എന്നൊരു ചിന്ത അവരെ ഭരിക്കുവാനിടയാകും. തന്മൂലം യോഹന്നാന്റെ സ്നാനത്തേക്കാൾ ശ്രേഷ്ഠമാണ് ക്രിസ്തീയ സ്നാനമെന്ന് അവരെ ബോധ്യപ്പെടുത്തേണ്ടത് സ്വർഗ്ഗത്തിന്റെ ആവശ്യമായിരുന്നു. അതുകൊണ്ടാണ് അപ്പൊല്ലോസെന്ന ഭക്തനെ ദൈവം മുന്നൊരുക്കി എഫെസൊസിലെ ശിഷ്യന്മാരോടു സുവിശേഷം അറിയിച്ചുവെങ്കിലും ആത്മദാനം നൽകാതിരുന്നത്. തുടർന്ന് ദൈവം പൌലൊസിലൂടെ ക്രിസ്തീയ സ്നാനത്തിന്റെ സവിശേഷത അവർക്കു വെളിപ്പെടുത്തുകയും സ്നാനാനന്തരം ആത്മദാനം നല്കി വീണ്ടുംജനനത്തോടെ സഭയിയ അംഗമാക്കുകയും

ചെയ്തു. പരിശുദ്ധാത്മാവു വന്നപ്പോൾ ഇവർ അന്യഭാഷയിൽ സംസാരിക്കുകയും പ്രവചിക്കുകയും ചെയ്തതും ഇതിനൊപ്പം ചേർത്ത് ചിന്തിക്കണം. ഇവർ വീണ്ടും സ്നാനമേല്ക്കുമ്പോൾ പ്രത്യക്ഷമായ കൃപാവരങ്ങളൊന്നും ലഭിച്ചില്ലെങ്കിൽ, ഞങ്ങൾ മുമ്പേ ഇരുന്നപോലെ ഇപ്പോഴുമിരിക്കുന്നു. യേശുവിന്റെ നാമത്തിൽ സ്നാനമേറ്റിട്ടും ഒരു വ്യത്യാസവുമുണ്ടായില്ല എന്നിങ്ങനെ ക്രിസ്തീയ സ്നാനത്തെ സംശയിക്കാനിടയാകും, ആത്മാദാനാനന്തരം രണ്ടു കൃപാവരങ്ങൾ ഒരുമിച്ചു ലഭിക്കുന്നത് ഇവിടെ മാത്രമാണെന്നുള്ളതും ഈ വസ്തുതകളെല്ലാം ശരിവെക്കുന്നു.

## കൃപയാലോ പ്രവൃത്തിയാലോ ?

രക്ഷ കൃപയാലാണോ പ്രവൃത്തിയാലാണോ എന്നു ചോദിച്ചാൽ, വിശ്വാസികളായവരെല്ലാം ഒരേസ്വരത്തിൽ പറയും; രക്ഷ കൃപയാലാണ്. എന്നിട്ട് ചിലർ പറയും; ആത്മദാനത്തിനായി കാത്തിരിക്കണം, ആത്മസ്നാനം പ്രാപിക്കണം, ആത്മാധിവാസം കൈക്കൊള്ളണം, അഭിഷേകം പിടിച്ചുമേടിക്കണം, ആത്മമുദ്രയ്ക്കായി വാഞ്ചിക്കണം, ആത്മാച്ചാരത്തിനായി നോക്കിപ്പാർക്കണം. പിന്നെങ്ങനെ രക്ഷ കൃപയാലാണെന്നു പറയും? രക്ഷ എന്താണെന്ന് എല്ലാവർക്കുമറിയാം, പാപത്തിന്റെ ശക്തിയിൽനിന്നും അധികാരത്തിൽനിന്നും ക്രിസ്തേശുവിന്റെ ക്രൂശുമരണം മുഖാന്തരമുള്ള വിടുതലാണ് രക്ഷ. ഈ രക്ഷ വിശ്വസിക്കുന്നവരിലേക്ക് എത്തിക്കുന്നത് പരിശുദ്ധാത്മാവാണ്. രക്ഷയുടെ വ്യത്യസ്ത അംശങ്ങൾ അഥവാ രക്ഷിക്കപ്പെടുമ്പോൾ വ്യക്തിയിൽ നടക്കുന്ന ദൈവപ്രവൃത്തികളാണ് ആത്മദാനം, ആത്മസ്നാനം, ആത്മാധിവാ

സം, അഭിഷേകം, ആത്മാച്ചാരം, ആത്മമുദ്ര. ഇതൊക്കെ വേർതിരിച്ച് വേദപുസ്തകത്തിൽനിന്നു പഠിക്കാൻ കഴിയുമെങ്കിലും വ്യക്തിയിൽ ഇതു വെവ്വേറെ അനുഭവമല്ല, ഒരിക്കലായി ലഭ്യമാകുന്നതാണ്. യേശുവിൽ വിശ്വസിക്കാനുള്ള കൃപ നല്കുന്നതു തുടങ്ങി രക്ഷാപൂർത്തി വരെയുള്ള പരിശുദ്ധാത്മാവിന്റെ പ്രവൃത്തി ഇതിൽ അടങ്ങിയിരിക്കുന്നു. ഇവയിൽ ഒന്നെടുത്തു മാറ്റിയാൽ രക്ഷ അപൂർണ്ണമാണ്. ഇനി ഇവയിൽ ഒന്നിനു വില കൊടുക്കേണ്ടി വന്നാലോ, രക്ഷ കൃപയാൽ മാത്രമല്ല; പ്രവൃത്തി കൂടി ആവശ്യമെന്നുവരും. പൗലൊസിന്റെ ലേഖനങ്ങളിലെ കൃപയും, യാക്കോബിന്റെ ലേഖനത്തിലെ പ്രവൃത്തിയും ചേർത്ത് കൃപയോടുകൂടി കുറച്ചു പ്രവൃത്തി വേണമെന്ന് പഠിപ്പിക്കുന്നവരുണ്ട്. അതും ക്രിസ്തീയ ഉപദേശമല്ല. കൃപയും പ്രവൃത്തിയുമായി ഒരു ബന്ധവുമില്ലെന്നു വേദപുസ്തകം പഠിപ്പിക്കുന്നു. (റോമ, 11:6). പൗലൊസ് രക്ഷിക്കപ്പെടുവാനുള്ള കൃപയെക്കുറിച്ചും, യാക്കോബ് രക്ഷാനന്തര പ്രവൃത്തിയുക്കുറിച്ചുമാണ് പറയുന്നത്. രക്ഷിക്കപ്പെട്ടവൻ പ്രവൃത്തികൂടാതെ തന്റെ വിശ്വാസം തെളിയിക്കാൻ കഴിയില്ലെന്നതാണ് യാക്കോബിന്റെ വാദം. (യാക്കോ, 2:18). അർത്ഥാൽ രക്ഷയ്ക്കായി പ്രവൃത്തി ആവശ്യമാണെന്നല്ല; രക്ഷിക്കപ്പെട്ടവന് പ്രവൃത്തി ആവശ്യമാണെന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാണെന്ന് തെളിയിക്കുന്നത് പിശാചുക്കളോടു ഉപമിച്ചുകൊണ്ടാണ്. "ദൈവം ഏകൻ എന്നു നീ വിശ്വസിക്കുന്നുവോ; കൊള്ളാം; പിശാചുക്കളും അങ്ങനെ വിശ്വസിക്കയും വിറെക്കയും ചെയ്യുന്നു." (യാക്കോ, 2:19). ഫലത്തിൽ പിശാചിന്റെ ഈ വിശ്വാസം കൊണ്ട് വല്ല പ്രയോജനവുമുണ്ടോ? രക്ഷിക്കപ്പെട്ടിട്ട് കിടന്നുറങ്ങുന്നവനും ഇതുപോലെ മാത്രമേയുള്ളു. രക്ഷ

യോടുള്ള ബന്ധത്തിൽ വിശ്വാസി വില കൊടുക്കേണ്ടത് ആത്മനിറവിന് മാത്രമാണ്. വിജയകരമായ ക്രിസ്തീയ ജീവിതത്തിന് ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ് ആത്മനിറവ്. ആത്മാവിൽ നിറയുവാൻ കല്പനയുമുണ്ട്; വീണ്ടും വീണ്ടും ആത്മാവിൽ നിറഞ്ഞതിന്റെ തെളിവും വേദപുസ്തകത്തിലുണ്ട്. ദൈവവചനവുമായി ഒത്തു നോക്കി നല്ലതു മുറുകെപ്പിടിക്കാൻ ദൈവമക്കളായവർക്ക് സർവ്വ കൃപാലുവായ ദൈവം കൃപ നല്കട്ടെയെന്ന് പ്രാർത്ഥിച്ചു കൊണ്ട്;

18 / 06 / 2017<br>
ഫോർട്ട്കൊച്ചി

ക്രിസ്തേശുവിന്റെ ബദ്ധൻ<br>
റോയി ആൻഡ്രൂസ്